# മിശ്കാത്തുൽ മസ്വാബീഹ് (വിളക്കുമാടം)



**ഇമാം** ബഗവിയുടെ ഗ്രന്ഥത്തിന്റെ വിപുലീകരിച്ച രൂപമാണിത്. അൽഖത്വീബ് തിബ്‌രീസി (ഹി. എട്ടാം നൂറ്റാണ്ട്) എന്ന പണ്ഡിതനാണത് വിപുലീകരിച്ചത്. മൂലഗ്രന്ഥത്തിലെ എല്ലാ ഹദീസുകളും ഉൾക്കൊള്ളിച്ചതോടൊപ്പം 1511 ഹദീസുകൾ അദ്ദേഹം കൂട്ടിച്ചേർക്കുകയുണ്ടായി. അങ്ങനെ *മിശ്കാത്തിൽ* 6000-ൽ അധികം ഹദീസുകളുണ്ട്.

മൂലഗ്രന്ഥത്തിൽ ചില പരിഷ്കരണങ്ങളും തിബ്‌രീസി വരുത്തുകയുണ്ടായി. മൂലഗ്രന്ഥത്തിൽ ഓരോ വിഷയത്തിനും രണ്ട് സെഷനുകൾ(ബാബ്) ഉണ്ട്. *മിശ്കാത്തിൽ* അതിന്റെ എണ്ണം മൂന്നാണ്. ഒന്നാം ബാബിൽ ബുഖാരി/ മുസ്‌ലിം റിപ്പോർട്ട് ചെയ്തവ. രണ്ടാം ബാബിൽ മറ്റുള്ളവർ റിപ്പോർട്ട് ചെയ്തവ. മൂന്നാം ബാബിൽ മിശ്കാത്തിന്റെ ഗ്രന്ഥകർത്താവ് പുതുതായി ചേർത്തവ. ഒന്നും രണ്ടും ബാബുകളിൽ വിട്ടുപോയവയാണ് മൂന്നാമത്തേതിൽ ചേർത്തിരിക്കുന്നത്. അവ ബുഖാരി-മുസ്‌ലിം റിപ്പോർട്ട് ചെയ്തവയോ ഇതര ഗ്രന്ഥങ്ങളിൽനിന്ന് എടുത്തവയോ ആകാവുന്നതാണ്. മൂലകൃതിയിൽ ചില സ്ഥലങ്ങളിൽ റിപ്പോർട്ടറുടെ പേര് വിട്ടുകളഞ്ഞിട്ടുണ്ട്. അവ മിശ്കാത്തിൽ ചേർക്കുകയും അവസാനം അവയുടെ ആധികാരികത വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു.

വിവിധ ഭാഷകളിലേക്ക് മിശ്കാത്ത് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്രമാത്രം വ്യാഖ്യാനവും വിവർത്തനവും ഉണ്ടായത് ഇതിന്റെ ജനപ്രീതിയുടെയും സ്വീകാര്യതയുടെയും തെളിവാണ്. മിശ്കാത്തിനെ അവലംബമാക്കി മൗലാനാ അബുൽ അഅ്‌ലാ മൗദൂദി നിർവഹിച്ച ഹദീസ് ക്ലാസുകളുടെ ഏതാനും ഭാഗങ്ങൾ ഉർദുവിൽ പുസ്തകമാക്കിയിട്ടുണ്ട്. നാസ്വിറുദ്ദീൻ അൽബാനിയുടെ അടിക്കുറിപ്പ് സഹിതം ഈയിടെ മിശ്കാത്തിന്റെ പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുകയുണ്ടായി.